(ബി) ഈ പാർക്കുകളിൽ വ്യവസായം ആരംഭിക്കുവാൻ എത്ര വ്യവസായികൾ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു;

(സി) ഇപ്പോൾ എത്ര വ്യവസായികൾ ഈ പാർക്കുകളിൽ വ്യവസായം ആരംഭിക്കുകയോ അതിനുള്ള ഏർപ്പാടുകളുണ്ടാക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒന്ന് കിൻഫ്രയും റബ്ബർബോർഡും ചേർന്ന് സംയുക്ത സംരംഭമായി സ്ഥാപിച്ചിട്ടുള്ള റബ്ബർ പാർക്ക് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഈ സ്ഥാപനം എറണാകുളത്ത് ഐരാപുരത്താണ് സ്ഥിതി ചെയ്യുന്നത്.

(ബി, സി) മുകളിൽ പറഞ്ഞ റബ്ബർ പാർക്കിൽ ഇപ്പോൾ 16 (പതിനാറ്) പേർക്കായി 22 ഏക്കർ സ്ഥലം നൽകിയിട്ടുണ്ട്. ഇതിൽ നാല് പേർ പാട്ടക്കരാർ രജിസ്റ്റർ ചെയ്ത് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഒരു വ്യവസായ സ്ഥാപനം പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. രണ്ട് കമ്പനികൾ ഭൂമിപൂജ കഴിച്ച് പണി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ അടുത്തുതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നൽകുന്ന അപേക്ഷകളിൻമേൽ അനുമതിക്കായി ഫാസ്റ്റ് ട്രാക്ക് കൗണ്ടർ

10 [5566] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ബാലറാം:
,, ടി. യു. രാധാകൃഷ്ണൻ:
,, പി. ജെ. ജോയി:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാസ്റ്റ് ട്രാക്ക് കൗണ്ടർ തുടങ്ങിയതെന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിന് എവിടെയെല്ലാം ജില്ലാ മേഖലാ ഓഫീസുകളുണ്ട്;

(സി) ഫാസ്റ്റ് ട്രാക്ക് കൗണ്ടറിൽ ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നൽകുന്നതിനുള്ള അപേക്ഷകൾക്കുള്ള അനുമതി എത്ര ദിവസത്തിനുള്ളിൽ ലഭിക്കും എന്ന് വ്യക്തമാക്കാമോ; ഏതെല്ലാം വിധത്തിലുള്ള അനുമതികളാണ് ഈ കൗണ്ടർ വഴി ലഭിക്കുന്നത്;

(ഡി) പ്രസ്തുത കൗണ്ടർ വഴി നൽകുന്ന അപേക്ഷകൾക്ക് ചുമത്തുന്ന ഫീസെത്രയാണ്;

(ഇ) കൗണ്ടർ തുടങ്ങിയശേഷം എത്ര ചെറുകിട വ്യവസായങ്ങൾക്ക് അനുമതി നൽകി എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലോ, ജില്ലാ വ്യവസായ കേന്ദ്രങ്ങളിലോ നിലവിലില്ല.

(ബി—ഇ) ബാധകമല്ല.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം

11 [5567] ശ്രീ. യു. സി. രാമൻ:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ കളത്തിൽ അബ്ദുള്ള:
„ ഇസ്ഹാക്ക് കുരിക്കൾ:
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കിൻഫ്ര, കെ. എസ്. ഐ. ഡി. സി. എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്നറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതനുസരിച്ച് ഓരോ വർഷവും പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങളുടെ ജാതി തിരിച്ചുള്ള വിവരം അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിൻഫ്രയിൽ, സർക്കാരിന്റെ അതാത് സമയത്തുള്ള സർക്കുലറുകളിലും കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് II-ലെ 14 മുതൽ 17 വരെയുള്ള റൂളുകളിലും പറഞ്ഞിട്ടുള്ള പ്രകാരമാണ് സംവരണ തത്വം പാലിച്ചിട്ടുള്ളത്.

കെ. എസ്. ഐ. ഡി. സി. യിൽ സർക്കാരിന്റെ ഉത്തരവ് പ്രകാരമാണ് 1984-ൽ കോർപ്പറേഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ കോർപ്പറേഷൻ നേരിട്ടു നടത്തുന്ന നിയമനങ്ങളിൽ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം സംവരണ തത്വം പാലിക്കണം എന്ന വ്യവസ്ഥ ചേർത്തതും സംവരണതത്വം പാലിക്കാൻ ആരംഭിച്ചതും.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly